ഉത്തരം

(എ) നിലവിൽ ഇല്ല.

(ബി) വിശദാംശം ലഭ്യമല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് ഒരു നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ആയതിന്റെ നടപടികൾ നടന്നുവരികയാണ്.

പരിരക്ഷ പദ്ധതി

25 (4895) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന 'പരിരക്ഷ' പദ്ധതിക്ക് ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിപ്രകാരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലും കോഴിക്കോട് മെഡിക്കൽ കോളേജിലും എന്തെല്ലാം ഉപകരണങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി പ്രകാരം നൽകിയ ഉപകരണങ്ങൾ പൊതുജനോപകാര പ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുജനാരോഗ്യ കേന്ദ്രങ്ങളെ രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പരിരക്ഷാ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഇംപ്ലിമെന്റിംഗ് ഓഫീസറായി കോഴിക്കോട് ജില്ലയിലെ വേളം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ. സോമസുന്ദരനേയും കോ-ഓർഡിനേറ്ററായി ശ്രീ. പി. എം. വിനോദ്കുമാറിനേയും (ഹെൽത്ത് ഇൻസ്പെക്ടർ) ആരോഗ്യ വകുപ്പ് നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മാസാമാസം നടന്നുവരുന്ന കുറ്റ്യാടി, തിരുവള്ളൂർ ബ്ലോക്ക്തല അവലോകന യോഗത്തിൽ ഇതിന്റെ പ്രവർത്തനം നിർവ്വഹണ ഉദ്യോഗസ്ഥനും, കോ-ഓർഡിനേറ്ററും വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച അവലോകന യോഗത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ പങ്കെടുക്കുന്നുണ്ട്.

(ബി) മേപ്പയൂർ മണ്ഡലത്തിലെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കും രക്തത്തിലെ പഞ്ചസാര നിർണ്ണയിക്കുന്ന ഗുണമേന്മയുള്ള ഗ്ലൂക്കോമീറ്റർ നൽകി (തുക 3,37,153), ആവള പ്രാഥമിക ആരോഗ്യകേന്ദ്രത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. ഫണ്ടിൽ നിന്നും മേപ്പയൂർ മണ്ഡലത്തിലെ ആരോഗ്യ ബോധ വൽക്കരണത്തിനുതകുന്ന എൽ. സി. ഡി. പ്രോജക്ടർ നൽകി (തുക 1,00,000 രൂപ), മേപ്പയൂർ തിരുവള്ളൂർ ഗവൺമെന്റ് ആശുപത്രിക്ക് മൊബൈൽ ഫ്രീസർ നൽകി (തുക 1,44,000 രൂപ), കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് സ്ട്രോക്ക് ചികിത്സയ്ക്ക് ഏറെ ഉപകാരപ്രദമായ 5,00,000 രൂപ വില വരുന്ന ഉപകരണം നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷം പരിരക്ഷയുടെ ശുചിത്വ യജ്ഞമത്സരത്തിന്റെ ഭാഗമായി സമ്മാനം ലഭിച്ച കുറ്റ്യാടി, കുന്നുമ്മൽ പഞ്ചായത്തുകൾക്ക് ടി പഞ്ചായത്തുകൾ തയ്യാറാക്കിയ പ്രോജക്ടുകൾക്ക് മൂന്ന് ലക്ഷം രൂപാ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ മണിയൂർ, മേപ്പയൂർ, തിരുവള്ളൂർ എന്നീ പഞ്ചായത്തുകൾക്ക് പരിരക്ഷ ശുചിത്വയജ്ഞ മത്സരത്തിന്റെ ഭാഗമായി ലഭിച്ച ഓരോ ലക്ഷം രൂപ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചു.

(സി) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ കൃത്യമായി പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്താൻ മെഡിക്കൽ ആഫീസർമാർക്കും പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. കുന്നുമ്മൽ, തിരുവള്ളൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ഇതിന് മേൽനോട്ടം വഹിക്കുന്നുണ്ട്.

കേരള ഹാർട്ട് ഫൗണ്ടേഷനും ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ടും ഒരു സ്ഥാപനമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി

26 (4896) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹാർട്ട് ഫൗണ്ടേഷനും ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ടും ഒരു സ്ഥാപനമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും ഘടനയും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ടു സ്ഥാപനങ്ങളിലും എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട് ; ഇനം തിരിച്ചു വ്യക്തമാക്കുമോ ;

(ഡി) ഒരു സ്ഥാപനമായി പ്രവർത്തിക്കുമ്പോൾ നിലവിലുള്ള കരാർ ദിവസവേതന ജീവനക്കാരുടെ ജോലി തുടർന്നു പോകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) സംയോജിത സ്ഥാപനത്തിന് ധനസഹായവും ഗ്രാന്റും ഫണ്ടും ലഭിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ ;

(എഫ്) സംയോജിത സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly